**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 484          **30.06.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ വികസനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ ഉന്നമനത്തിനും പട്ടികജാതി കോളനികളുടെ വികസനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 ഭാഗം പട്ടികജാതി കോളനികളുടെ വിവിധ അടിസ്ഥാന സൗകര്യ വികസനത്തിനായി ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പട്ടികജാതി കോളനികൾക്കുള്ളിലെ റോഡ് നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, കലുങ്ക് നിർമ്മാണം, പട്ടികജാതി ഗുണഭോക്താക്കൾക്ക് വ്യക്തിഗത കണക്ഷൻ മുഖേന കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി, പട്ടികജാതി സങ്കേതങ്ങൾ വൈദ്യുതീകരിക്കൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 25 ലക്ഷം രൂപയ്ക്ക് വരെ ഭരണാനുമതി നൽകാൻ ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പൊതു സ്ഥിതിയെന്തായിരുന്നു എന്നത് വിശദമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പിന് ലഭ്യമായ തുക 1431.10 കോടി രൂപയും ചെലവഴിച്ച തുക 1025.67 കോടി രൂപയുമാണ്. ആകെ 71.67% തുക വിനിയോഗിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പരാമർശിക്കുന്ന വിശദമായ പട്ടിക അനുബന്ധം - I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ; | (സി) | വിശദമായ പട്ടിക അനുബന്ധം - II ആയി ചേർക്കുന്നു. |
| (ഡി) | ഈ കോളനികളിൽ ഓരോന്നിലും ഇന്ന് അനുഭവപ്പെടുന്ന അപര്യാപ്തതകൾ, പരിമിതികൾ, അടിയന്തര വികസനാവശ്യങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ കോളനി കേന്ദ്രീകരിച്ചും വിശദമായ പദ്ധതി ആവിഷ്കരിച്ച് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | മിക്ക കോളനികളിലും, ഭാഗികമായി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും കുടിവെള്ള ക്ഷാമം, റോഡുകളുടെ ശോചനിയ അവസ്ഥ, ടോയ്‌ലറ്റിന്റെ അഭാവം, തെരുവ് വിളക്കുകളുടെ അഭാവം എന്നിവയാണ് പ്രധാന അപര്യാപ്തതകൾ. ഓരോ കോളനി കേന്ദ്രീകരിച്ചും വിശദമായ പദ്ധതി തയ്യാറാക്കി ജില്ലാതലത്തിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാവുന്നതാണ്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള എസ്.സി.പി ഫണ്ടും ജില്ലയ്ക്ക് അനുവദിക്കുന്ന കോർപ്പസ് ഫണ്ടും വിനിയോഗിക്കാവുന്നതാണ്. |

Haripriya

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**